**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **04-02-2026 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജക മണ്ഡലത്തിലെ പച്ചക്കറി ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം, ജനകീയാസൂത്രണ പദ്ധതി പ്രകാരം– വനിതകൾക്ക് (HDPE POT, ചെടി ചട്ടി എന്നിവയുടെ വിതരണം, സ്റ്റാഗേർഡ് ക്ലസ്റ്റർ ജില്ലാതല ക്ലസ്റ്റർ, മൾച്ചിങ് ഷീറ്റ് വിതരണം, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി (MIDH) പദ്ധതി പ്രകാരം ഹൈബ്രിഡ് പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് നെന്മാറ മണ്ഡലത്തിൽ നിന്നും ഉത്പാദിപ്പിക്കുന്നതെന്നും ഈ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ നൽകുന്ന ഇടപെടലുകൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ബി) | ഒരു വർഷം 8079.75 ടൺ പച്ചക്കറിയാണ് നെന്മാറ മണ്ഡലത്തിൽ നിന്നും ഉൽപ്പാദിപ്പിച്ചു വരുന്നത്. നെന്മാറ മണ്ഡലത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വി.എഫ്.പി.സി.കെ. മാർക്കറ്റ്, എഫ്.പി.ഒ. മാർക്കറ്റ് തുടങ്ങിയ വിപണന കേന്ദ്രങ്ങൾ വഴി വിപണനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ